**E 7340** (Pages : 3) Reg. No..................................

Name....................................

## B.A. DEGREE (C.B.C.S.S.) EXAMINATION, MAY 2019

**Second Semester**

B.A. Malayalam (Model I)

Complementary Course—**ലോക കാവ്യങ്ങൾ**

(2013 – 2016 Admissions)

Time : Three Hours Maximum Marks : 80

### എ വിഭാഗം

**എല്ലാ** ചോദ്യത്തിനും ഉത്തരമെഴുതുക.

1. നീർമാതളം പൂത്ത കാലം ഏത് വിഭാഗത്തിൽപ്പെടുന്ന കൃതിയാണ് ?
2. ലോർക്കയുടെ ആദ്യ കവിതാസമാഹാരം ഏത് ?
3. ബ്ലഡ് വെഡ്ഡിംഗ് ആരുടെ കൃതിയാണ് ?
4. കാന്റോ ജനറൽ എന്ന മഹാകാവ്യം രചിച്ചതാരാണ് ?
5. ഗീതാഞ്ജലി പ്രസിദ്ധീകരിച്ച വർഷം.
6. സെൻ ബുദ്ധിസത്തിൽനിന്നും രൂപംകൊണ്ട കാവ്യശാഖ ഏത് ?
7. Lyre എന്ന സംഗീതോപകരണത്തിന്റെ സഹായത്തോടെ പാടാൻ കഴിയുന്ന ഗീതങ്ങൾ ഏത് പേരിലാണ് അറിയപ്പെടുന്നത് ?
8. ദി വെയ്സ്റ്റ് ലാന്റ് ആരുടെ കൃതിയാണ് ?
9. മുക്തധാര ആരുടെ നാടകമാണ് ?
10. റുബായിയാത്ത് ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയത് ആരാണ് ?

(10 × 1 = 10)

### ബി വിഭാഗം

ഏതെങ്കിലും **എട്ടു** ചോദ്യത്തിനു ഉത്തരമെഴുതുക.

11. വചന കവിത എന്നാലെന്ത് ?
12. ഋഗ്വേദത്തിന്റെ പ്രസക്തിയെന്ത് ?
13. ഉത്തരം കിട്ടാത്ത ചോദ്യങ്ങളായിരുന്നു അവ

    മരിച്ചവർ ഒരുനാൾ വീണ്ടും

    ജീവിതത്തിലേക്കു വരുമായിരിക്കും

    —ആശയം എഴുതുക.

Turn over

14. കബീർദാസിന്റെ ഈശ്വരസങ്കല്പം വിശദീകരിക്കുക.

15. "ആരോർക്കുവാനാണ്
നമ്മുടെ വരവും പോക്കും"
—ആശയമെന്ത് ?

16. സാഫോയുടെ ഗീതങ്ങളുടെ പ്രത്യേകതയെന്ത് ?

17. "പോരാട്ടത്തിന്റെ തീയിൽനിന്ന് അവൻ
വിട്ടു നിന്നപ്പോൾ
രോഷത്താൽ അവളുടെ വാക്കുകൾ
ഇടിനാദംപോലെ മുഴങ്ങി"
—കാരണമെന്ത് ?

18. കാളിദാസന്റെ പ്രധാന കൃതികളെ പരിചയപ്പെടുത്തുക.

19. "ശിവനവനിലെടോ ! വരന്നു വേണ്ടും
ഗുണമതതുള്ളതിലൊന്നു പോലുണ്ടോ"
—സന്ദർഭം വിശദമാക്കുക.

20. "ഉള്ളവർ ശിവാലയം പണിയുന്നു
ഞാൻ എന്തു പണിയാൻ ! ഞാൻ ദരിദ്രൻ അയ്യോ"
—വിശദമാക്കുക.

21. അക്കമഹാദേവി—പരിചയപ്പെടുത്തുക.

22. 'എന്റെ പേരാകുന്നു ബോർദോ, നാന്തേ'—ഇങ്ങനെ പറയുന്നത് എന്തുകൊണ്ടാണ് ?

(8 × 2 = 16)

## സി വിഭാഗം

ഏതെങ്കിലും **ആറ്** ചോദ്യത്തിന് ഉത്തരമെഴുതുക.

23. കീറ്റ്സിന്റെ രാപ്പാടിയോട് എന്ന കവിതയെ വിലയിരുത്തുക.

24. തുലിപ്സ്—കുറിപ്പെഴുതുക.

25. "ചിന്തയുടെ ദീപ്തമായ മുഖമാണ് ഹൈക്കു കവിതകൾ"—അഭിപ്രായമെന്ത് ?

26. "അലസമായ ജലധാരയ്ക്ക് മുകളിലൂടെ
ഒരു മയക്കം താഴേയ്ക്കൊഴുകുന്നു"
—ബിംബകല്പനയുടെ പ്രത്യേകതയെന്ത് ?

27. "പറയൂ ചങ്ങാതിമാരെ

ഞാനെന്തു ചെയ്യും

എവിടെപ്പോകും"

—ഈ ചിന്തയുടെ അടിസ്ഥാനമെന്ത് ?

28. ജന്മനാട്ടിലേക്ക് മടക്കം എന്ന കവിതയുടെ പ്രമേയം വിലയിരുത്തുക.

29. ടി.എസ്. എലിയറ്റിന്റെ കാവ്യബിംബങ്ങളുടെ പ്രത്യേകതയെന്ത് ?

30. കവിതാ വിവർത്തനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ ?

31. "ഞങ്ങളുടെ കവിതപോലെ

ഇത് മൂകമാണ് ; എന്റെ കൂട്ടുകാരെ"

—ആശയം വിശദീകരിക്കുക.

(6 × 4 = 24)

## ഡി വിഭാഗം

ഏതെങ്കിലും **രണ്ടെണ്ണത്തിന്** ഉത്തരമെഴുതുക.

32. ജീവിത സൗന്ദര്യത്തിന്റെയും വൈകാരികാനുഭൂതികളുടെയും കവി പ്രതിഭയുടെയും ആഘോഷമാണ് കാളിദാസ കൃതികൾ—വിലയിരുത്തുക.

**അല്ലെങ്കിൽ**

33. റുബായിയാത്ത്—പഠനം തയ്യാറാക്കുക.

34. സംഘകാല കവിതകളുടെ സവിശേഷതകൾ വിശദീകരിക്കുക.

**അല്ലെങ്കിൽ**

35. മരിച്ചവന്റെ ആടകൾ എന്ന കവിതയ്ക്ക് ഒരാസ്വാദനം എഴുതുക.

(2 × 15 = 30)